ഉത്തരം

(എ) എയ്ഡ്സ്ബാധമൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനും സർക്കാർതലത്തിൽ ഇപ്പോൾ സംവിധാനങ്ങളൊന്നും ഇല്ല. ഇങ്ങനെയുള്ള കുട്ടികൾ മറ്റ് കുടുംബാംഗങ്ങളോടൊപ്പമോ സന്നദ്ധ സംഘടനകളുടെ സംരക്ഷണത്തിലോ ആണ് കഴിയുന്നത് എന്നതുകൊണ്ട് അവർക്കുവേണ്ടി പ്രത്യേക നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. പക്ഷേ ഇത്തരം കുട്ടികൾക്കായി ഭാവിയിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കാനായി കേന്ദ്ര സഹായം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ലോകബാങ്ക്, ബ്രിട്ടീഷ് സർക്കാരിന്റെ അന്തർദ്ദേശീയ വികസനത്തിനായി (ഡി.എഫ്.ഐ.ഡി.) എന്നിവയിൽ നിന്ന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻവഴി പ്രോജക്ട് ധനസഹായമായി 3320 ലക്ഷം രൂപ ലഭിച്ചതിൽ നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്കായി 2882 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ 6 ഡോക്ടർമാർ ഉൾപ്പെടെ 30 ജീവനക്കാർ സേവനം അനുഷ്ടിക്കുന്നുണ്ട്. നേഴ്സ് തുടങ്ങിയ മറ്റ് ആരോഗ്യ പ്രവർത്തകർ ഒന്നുംതന്നെ ഈ സൊസൈറ്റിയിൽ ഇല്ല.

2002-2003 സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളവും അലവൻസുമായി 47,63,596 രൂപയും യാത്രാബത്തയായി 1,21,630 രൂപയും നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ വകയിരുത്തിയ തുകയിൽ നിന്നും രണ്ട് അംബാസിഡർ കാറുകൾ വാങ്ങിയിട്ടുണ്ട്.

നാഷണൽ ഫൈലേറിയ കൺട്രോളിംഗ് പ്രോഗ്രാം യൂണിറ്റുകളുടെ പ്രവർത്തനം

134 (4569) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നാഷണൽ ഫൈലേറിയ കൺട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഡെങ്കിപ്പനി ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ തടയുവാൻ എൻഎഫ്.സി.പി. യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) എൻ.എഫ്.സി.പി. യൂണിറ്റുകളുടെ പ്രവർത്തനത്തിന് കേന്ദ്രത്തിൽ നിന്ന് എല്ലാ വർഷവും ഫണ്ട് ലഭിക്കാറുണ്ടോ ;

(ഡി) 2002-2003 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും എന്തു തുക ലഭിച്ചു ; പ്രസ്തുത തുക ഏതെല്ലാം രീതിയിൽ വിനിയോഗിച്ചു ;

(ഇ) ഡെങ്കിപ്പനിയുൾപ്പെടെയുള്ള രോഗങ്ങൾ തടയുവാൻ കേന്ദ്രത്തിൽ നിന്നും കൂടുതൽ തുക എൻ.എഫ്.സി.പി.-ക്ക് ലഭ്യമാക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എൻ.എഫ്.സി.പി. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ് :

1. മന്തുരോഗം പരത്തുന്ന കൊതുകുകളുടെ സാന്ദ്രതയും അസുഖം പരത്താനുള്ള സാധ്യതയും നിരീക്ഷിക്കുന്നു.

2. മന്തുരോഗ സംക്രമണം തടയുന്നതിന് കൊതുകിന്റെ കൂത്താടികൾ വളരുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് കൂത്താടി നാശിനി തളിക്കുന്നു (ചേർത്തല ഭാഗങ്ങളിൽ മുട്ട പായൽ വാരുന്ന പ്രക്രിയ നടത്തുന്നുണ്ട്)

3. മന്തുരോഗവാഹകരെ കണ്ടെത്താനായി രാത്രികാല രക്ത പരിശോധന, വീടുകളിൽ സർവ്വേ, ആഴ്ചയിലൊരിക്കൽ അടുത്തുള്ള സർക്കാർ ആശുപത്രിയിൽ പ്രത്യേക ക്ലിനിക്കുകൾ എന്നിവ നടത്തുന്നു.

4. രോഗാണുവാഹകർക്ക് സൗജന്യ ചികിത്സ നൽകുന്നു.

5. ബോധവൽക്കരണ പരിപാടികൾ നടത്തുന്നു.

(ബി) ഡെങ്കിപ്പനി പരത്തുന്ന കൊതുകുകളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുന്നുണ്ട്. കൂത്താടി നശീകരണം നടത്തിവരുന്നു. ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടിയെടുത്തുവരുന്നു. എൻ.എഫ്.സി.പി. യൂണിറ്റുകളിലെ ബയോളജിസ്റ്റ്/എന്റമോളജിസ്റ്റ്, മറ്റ് ജീവനക്കാർ എന്നിവരെകൂടി ഉൾപ്പെടുത്തി പ്രത്യേക സ്കാഡുകൾ രൂപീകരിച്ച് ഡെങ്കിപ്പനിക്ക് എതിരെയുള്ള കൊതുകു നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

(സി) 50% കേന്ദ്ര സഹായം ലഭിക്കുന്ന ഒരു പദ്ധതിയാണിത്. 50% കേന്ദ്ര സഹായം, കീടനാശിനികൾ, മരുന്നുകൾ എന്നിവയായിട്ടാണ് ലഭിക്കുന്നത്. ഇവ കൃത്യമായി ലഭിച്ചുവരുന്നുണ്ട്.

(ഡി) നാഷണൽ ഫൈലേറിയ കൺട്രോൾ പ്രോഗ്രമിന് 2002-2003 വർഷത്തിൽ കേന്ദ്രത്തിൽ നിന്നും തുകയായി ഒന്നും ലഭിച്ചിട്ടില്ല.

(ഇ) കൂടുതൽ അളവിൽ കീടനാശിനികളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുണ്ട്.

പകർച്ചവ്യാധികൾ തടയുന്നതിന് സ്ഥിരംസംവിധാനം

135 (4570) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികൾ തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്ഥിരംസംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;